**കേരള കാർഷിക സർവകലാശാല**
**പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം**

മേലേ പട്ടാമ്പി (പി.ഒ), പാലക്കാട് ജില്ല, 679-306 (പിൻ), കേരളം

Email : adrptb@kau.in, rarsptb@kau.in URL: http://rarsptb.kau.in Ph : 0466-2212228

നം.RARSCZ/2797/2025-D2 18-08-2025

**ക്വട്ടേഷൻ നോട്ടീസ്**

ഈ സ്ഥാപനത്തിലെ ഗ്രാഫ്റ്റ് തൈകളുടെ ഉൽപാദനത്തിനാവശ്യമായ ഏകദേശം 12000 എണ്ണം മാവിൻ തൈകൾ (Bare rooted mango seedlings) വിതരണം ചെയ്യുന്നതിന് സന്നദ്ധരായ വ്യക്തികൾ/സ്ഥാപനങ്ങളിൽ നിന്നും ചുവടെ ചേർത്തിരിക്കുന്ന നിബന്ധനകളും വ്യവസ്ഥകളും അനുസരിച്ച് മത്സരാടിസ്ഥാനത്തിൽ സീൽ ചെയ്ത ക്വട്ടേഷനുകൾ ക്ഷണിച്ചുകൊള്ളുന്നു.

**നിബന്ധനകൾ**

1. 3 മാസത്തിൽ താഴെ പ്രായമുള്ളതും, 2 മില്ലീമീറ്ററിൽ കൂടുതൽ കനമുള്ളതുമായ വേരറ്റാത്ത പുതിയ മാവിൻ തൈകൾ ഫാമിൽ ലഭ്യമാക്കുന്നതിന്, ഒരു മാവിൻ തൈയ്ക്ക് നൽകേണ്ട നിരക്കാണ് ക്വട്ടേഷനിൽ രേഖപ്പെടുത്തേണ്ടത്.
2. രേഖപ്പെടുത്തിയ വില, വണ്ടി വാടക, കയറ്റിറക്കുകൂലി എന്നിവ ഉൾപ്പെട്ടതായിരിക്കണം.
3. മാവിൻ തൈകൾ ആരോഗ്യമുള്ളതും, രോഗവിമുക്തവും, കീടബാധയില്ലാത്തതുമായിരിക്കണം.
4. ഇപ്രകാരം തയ്യാറാക്കിയ ക്വട്ടേഷനുകൾ കവറിനകത്ത് അടക്കം ചെയ്ത് സീൽ ചെയ്ത് **"അസോസിയേറ്റ് ഡയറക്ടർ, പ്രാദേശിക കാർഷിക ഗവേഷണ കേന്ദ്രം, മേലെ പട്ടാമ്പി (പി.ഒ), പാലക്കാട് - 679 306"** എന്ന വിലാസത്തിൽ **26/08/2025 ന് രാവിലെ 11:00** മണിക്കോ അതിനു മുൻപോ ആയി തപാലിലോ നേരിട്ടോ എത്തിക്കേണ്ടതാണ്. നിശ്ചിത സമയത്തിനു ശേഷം ലഭിക്കുന്ന ക്വട്ടേഷനുകൾ സ്വീകരിക്കുന്നതല്ല.
5. ക്വട്ടേഷൻ അടക്കം ചെയ്ത കവറിന് പുറത്ത് "മാവിൻ തൈകൾ ലഭ്യമാക്കുന്നതിനുള്ള ക്വട്ടേഷൻ" എന്ന് രേഖപ്പെടുത്തിയിരിക്കണം.
6. കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ വ്യക്തിയുടെ/സ്ഥാപനത്തിന്റെ, മാവിൻ തൈകൾ സ്റ്റേഷനിലെ ശാസ്ത്രജ്ഞർ പരിശോധിച്ച്, തൃപ്തികരമാണെന്ന് കണ്ടാൽ മാത്രമേ വിതരണാനുമതി നൽകുകയുള്ളൂ.
7. ലഭിച്ച ക്വട്ടേഷനുകൾ **26/08/2025 ന് രാവിലെ 11.:30** ന് ക്വട്ടേഷൻ സമർപ്പിച്ചവരിൽ ഹാജരുള്ളവരുടെ സാന്നിധ്യത്തിൽ തുറക്കുന്നതാണ്.
8. ക്വട്ടേഷനുകൾ സ്വീകരിക്കുന്നതിനോ കാരണം കൂടാതെ നിരസിക്കുന്നതിനോ ഉള്ള പൂർണ്ണ അധികാരം സ്ഥാപന മേധാവിയിൽ നിക്ഷിപ്തമാണ്.
9. സ്ഥാപനത്തിൽ നിന്നും നൽകുന്ന വിതരണ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാവിൻ തൈകൾ ലഭ്യമാക്കി നിശ്ചിത മാതൃകയിൽ ഇൻവോയ്സ് ലഭ്യമാക്കേണ്ടതാണ്.
10. ക്വട്ടേഷൻ തുറക്കുന്ന ദിവസം ഏതെങ്കിലും കാരണത്താൽ ബന്ദ്/ഹർത്താൽ/ അവധി ആവുകയാണെങ്കിൽ തൊട്ടടുത്ത പ്രവർത്തി ദിവസം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.
11. സർക്കാർ ക്വട്ടേഷനുകൾക്കുള്ള മറ്റ് എല്ലാ നിബന്ധനകളും ഈ ക്വട്ടേഷനും ബാധകമായിരിക്കും.

Signed by
Raji P
Date: 18-08-2025 11:35:47
Raji P

ASSOCIATE DIRECTOR OF RESEARCH

സ്വീകർത്താക്കൾ : നോട്ടീസ് ബോർഡ്-ഓഫീസ്/ഫാം, മിനി സിവിൽ സ്റ്റേഷൻ, പട്ടാമ്പി, കെ.എ.യു വെബ്സൈറ്റ്.

പകർപ്പ് : ഡോ. പി പി മൂസ്സ, പ്രൊഫസർ (സോയിൽ സയൻസ് & അഗ്രികൾച്ചറൽ കെമിസ്ട്രി)